## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1433 — 04.02.2019-ൽ മറുപടിക്ക്

### ഓഖി ദുരന്തം - പ്രത്യേക പാക്കേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തെത്തുടർന്ന് പ്രത്യേക പാക്കേജായി കേന്ദ്രത്തോട് ആവശ്യപ്പെട്ട തുകയിൽ കേന്ദ്രസർക്കാർ ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | കേന്ദ്ര സർക്കാരിന് 7340.45 കോടി രൂപയുടെ ഒരു സമഗ്ര പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് കേന്ദ്രസർക്കാരിനോട് പ്രത്യേക സഹായം ആവശ്യപ്പെട്ടത്; വിശദമാക്കുമോ; | (ബി) | മത്സ്യബന്ധന മേഖലയിൽ താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് കേന്ദ്ര സർക്കാരിനോട് പ്രത്യേക സഹായം ആവശ്യപ്പെട്ടത്. ഭവന നിർമ്മാണത്തിനായി 3002.71 കോടി രൂപ, തീരദേശ റോഡുകൾക്കും പാലങ്ങൾക്കുമായി 650 കോടി രൂപ, തീരദേശ ആരോഗ്യ-സാമൂഹ്യക്ഷേമ മേഖലയ്ക്ക് 455 കോടി രൂപ, മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള പ്രത്യേക ധനസഹായ പദ്ധതിയ്ക്കായി 12.50 കോടി രൂപ, മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ജീവനോപാധി ഏർപ്പെടുത്തുന്നതിനായി 12.15 കോടി രൂപ, മരണമടഞ്ഞവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക സഹായ പദ്ധതിയ്ക്കായി 7.5 കോടി രൂപ, പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ അപ്ഗ്രേഡ് ചെയ്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമാക്കുന്ന പദ്ധതിയ്ക്കായി 625 കോടി രൂപ, തീരദേശത്തെ മത്സ്യഗ്രാമങ്ങളിൽ സോളാർ അധിഷ്ഠിത ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 500 കോടി രൂപ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി 100 കോടി രൂപ, തീരദേശത്തെ സർക്കാർ സ്കൂളുകളുടെ അപ്ഗ്രേഡേഷനായി 306 കോടി രൂപ, |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപ, റെസിഡൻഷ്യൽ മറൈൻ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി 50 കോടി രൂപ, ദേശീയ മത്സ്യത്തൊഴിലാളി കാര്യശേഷി വികസന സ്ഥാപനത്തിനായി 100 കോടി രൂപ, മറൈൻ ആംബുലൻസിനായി 63 കോടി രൂപ, തീരദേശ പോലീസിന് 35 കോടി രൂപ, വൈദ്യുതിയ്ക്ക് 537 കോടി രൂപ, കുടിവെള്ള വിതരണത്തിന് 28 കോടി രൂപ, തീരസംരക്ഷണത്തിന് 323 കോടി രൂപ, ഹാർബറുകളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി 25 കോടി രൂപ എന്നിവയാണ്. |
| (സി) | സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേക്ക് കേന്ദ്രസഹായമായി എത്ര തുകയാണ് ഓഖിയോടനുബന്ധിച്ച് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | ഓഖിയോടനുബന്ധിച്ച് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അധിക സഹായമായി ലഭിച്ച ആകെ തുക 111.7 കോടി രൂപയാണ്. |
| (ഡി) | പ്രസ്തുത തുക എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വിശദമാക്കുമോ; | (ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിച്ചു.<br>1. സമുദ്ര മത്സ്യ തൊഴിലാളികൾക്കുള്ള ആശ്വാസ ധനസഹായം<br>2. നാവിക് പരീക്ഷണം<br>3. മറ്റ് സംസ്ഥാനങ്ങളിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം<br>4. മരണപ്പെട്ടവരുടെയും, കാണാതായവരുടെയും ആശ്രിതർക്കുള്ള സഹായം<br>5. മരണപ്പെട്ടവരുടെ ബന്ധുക്കളെ കണ്ടെത്താൻ ഡി.എൻ.എ ടെസ്റ്റ്<br>6. കൃഷി നാശം - ദുരിതാശ്വാസ സഹായം നൽകി<br>7. കെ.എസ്.ഇ.ബി-യ്ക്ക് ഉണ്ടായ നാശനഷ്ടത്തിന് ദുരിതാശ്വാസ സഹായം<br>8. തെരച്ചിൽ നടത്തിയതിനുള്ള തുക<br>9. വീടുകളുടെ നാശനഷ്ടത്തിനുള്ള തുക – തിരുവനന്തപുരം മാത്രം<br>10. ക്യാമ്പുകളുടെയും മറ്റു അനുബന്ധ ചെലവും<br>11. വായുസേനയുടെ വിമാന കൂലി- (നൽകിയിട്ടില്ല, ബാധ്യതയായി തുടരുന്നു) |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത തുക ദുരന്തങ്ങൾ നേരിടുന്നതിനാണ് അനുവദിച്ചതെന്നും ഓഖിക്ക് വേണ്ടി മാത്രമല്ലായെന്നുള്ള നിലപാട് ഫിഷറീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വിശദമാക്കാമോ? | (ഇ) | ഓഖി സമയത്ത് സഹായമായി കേന്ദ്ര സർക്കാർ സംസ്ഥാന ദുരന്തപ്രതികരണ നിധിയിലേയ്ക്ക് (SDRF) അനുവദിച്ചത് 111.7 കോടി രൂപയാണ്. അതിൽ കൂടുതൽ തുക ഓഖി ദുരന്തപ്രതികരണത്തിനായി SDRF ൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ